# സാമൂഹിക പ്രത്യാഘാത പഠനം

## കോഴഞ്ചേരി പുതിയ പാലവും അപ്രോച്ച് റോഡും
## തോട്ടപ്പുഴശ്ശേരി & കോഴഞ്ചേരി വില്ലേജ്
## 0.0437 ഹെക്ടർ

## അന്തിമ റിപ്പോർട്ട്

## റിക്വസിഷൻ അധികാരി
## പൊതുമരാമത്തു വകുപ്പ്


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com

## ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2- പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ).പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠ നങ്ങളോ നടത്തിയിട്ടു ക്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പബ്ളിക് ഹിയറിംഗ്

അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉ ായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേ ി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടു ങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

6.1. ജനസംഖ്യ വിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

6.10. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

അദ്ധ്യായം 7 - സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേ നിബന്ധനകൾ

7.3. പദ്ധതിക്ക് വേ ി ഭൂമി ആവശ്യപ്പെടുന്ന പൊതുമരാമത്ത് വകുപ്പ് പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ
7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേ മാറ്റങ്ങളും കൂട്ടിച്ചേർക്കേ കാര്യങ്ങളും
7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന
8.1. സ്ഥാപന ഘടനാ സംവിധാനം

അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേ ിയുള്ള സാമ്പത്തികവും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്
9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും
9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും
10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
10.2. മേൽനോട്ടവും റിപ്പോർട്ടിംഗും
10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേ ിയുള്ള പദ്ധതി

അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ
1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

**സാമൂഹിക പ്രത്യാഘാത പഠനം**
**കോഴഞ്ചേരി പുതിയ പാലവും അപ്രോച്ച് റോഡും**
**തോട്ടപ്പുഴശ്ശേരി & കോഴഞ്ചേരി വില്ലേജ്**
**0.0437 ഹെക്ടർ**

**പഠന റിപ്പോർട്ട്- രത്ന ചുരുക്കം**

## 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്ക്, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിച്ചുകൊണ്ട് പമ്പാനദിക്ക് കുറുകെ പാലം നിർമ്മിക്കപ്പെട്ടത് ഉദ്ദേശം അറുപത് വർഷങ്ങൾക്ക് മുമ്പാണ്. പ്രസ്തുത പാലം പത്തനംതിട്ട ജില്ലയെ കോട്ടയം ജില്ലയുമായി ബന്ധിപ്പിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുകയുണ്ടായി. എന്നാൽ വലിയ ഗതാഗത, വ്യാപാര പ്രാധാന്യം ഉള്ള പാലത്തിന് സമാന്തരമായി ഒരു പാലം നിർമ്മിക്കുക എന്ന ആവശ്യത്തിന് ദശകങ്ങളുടെ പഴക്കം ഉണ്ട്. തിരുവല്ല, കോട്ടയം പ്രദേശങ്ങളിൽ നിന്നും പത്തനംതിട്ട ജില്ലയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവ കൺവൻഷൻ ആയ മാരാമൺ കൺവൻഷൻ, പ്രശസ്ത ഹിന്ദു മത കൺവൻഷൻ ആയ ചെറുകോൽപ്പുഴ കൺവൻഷൻ എന്നീ കൺവനുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വലിയ തോതിലുള്ള വാഹന ഗതാഗതത്തിന് സൗകര്യം ഒരുക്കുക, ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ചുള്ള വാഹന ഗതാഗതം സുഗമമാക്കുക, കോഴഞ്ചേരി പട്ടണത്തിലെ ഗതാഗതകുരുക്ക് പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഇപ്പോഴുള്ള പാലത്തിന് സമാന്തരമായി, നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലം വിഭാവനം ചെയ്തിട്ടുള്ളത്. ഉദ്ദേശം 300 മീറ്ററിന് മുകളിൽ വീതയിൽ ഒഴുകുന്ന പമ്പാനദി വർഷത്തിൽ പത്ത് മാസവും ജലസമൃദ്ധമാണ്. കൊടിയ വേനലിൽ നദിയിൽ രൂപപ്പെടുന്ന മണൽ തിട്ടയിലാണ് മുൻപ് പറഞ്ഞ കൺവൻഷനുകൾ നടന്നു വരുന്നത്.

ഇപ്പോഴുള്ള കോഴഞ്ചേരി പാലത്തിന് മുൻപ് ഗതാഗത സൗകര്യത്തിന് വേണ്ടി ജനങ്ങൾ ആശ്രയിച്ചിരുന്നത് കടത്തു വള്ളങ്ങളായിരുന്നു, അക്കാലത്ത് കടത്ത് വള്ളം സേവനം ചെയ്തിരുന്ന കടവുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലം നിർമ്മിക്കപ്പെടുന്നത്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിലയിരുത്തുന്നതിൽ നിന്നും പദ്ധതി സംബന്ധമായി ജനങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചതിൽ നിന്നും പദ്ധതിയുടെ പൊതു താൽപ്പര്യ പ്രസക്തി വ്യക്തമാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപനങ്ങളും അടിസ്ഥാനമാക്കി സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന തലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ തെരഞ്ഞെടുത്തിരിക്കുന്ന സംഘടനകളിൽ ഉൾപ്പെടുന്ന കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്.

### 1.2. പദ്ധതി പ്രദേശം

കോഴഞ്ചേരി, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിക്കുന്ന പാലവും, അനുബന്ധ റോഡുമാണ് പദ്ധതി എന്നുള്ളതുകൊണ്ട് തന്നെ രണ്ട് താലൂക്കുകളിലെയും ഭൂമി ഏറ്റെടുക്കലിന് വിധേയമാക്കപ്പെടുന്നുന്നുണ്ട്. കോട്ടയം-പത്തനംതിട്ട (തിരുവല്ല-പത്തനംതിട്ട) റോഡിൽ കോഴഞ്ചേരി പാലത്തിന് സമാന്തരമായി പഴയ കോഴഞ്ചേരി കടവ് പ്രവർത്തിച്ചിരുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. പത്തനംതിട്ട ജില്ലയിലെ വളരെ വാണിജ്യ പ്രധാനമായ പട്ടണമാണ് കോഴഞ്ചേരി. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും, രാജ്യ വ്യാപകമായി പ്രവർത്തിക്കുന്ന പല സ്വകാര്യ പണം ഇടപാട് സ്ഥാപനങ്ങളും കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള കോഴഞ്ചേരി, സംസ്ഥാനത്തെ വളരെ പഴക്കം ചെന്ന ഒരു ജനവാസ കേന്ദ്രമാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവൻഷനും (മാരാമൺ) ഹിന്ദുമത കൺവഷനും (ചെറുകോൽപ്പുഴ) സമീപസ്ഥമായി നടത്തപ്പെടുന്നു എന്നുള്ളതും കോഴഞ്ചേരിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടാതെ ആറന്മുള വള്ളം കളി, പമ്പാതീരത്തുള്ള നാൽപതോളം പള്ളിയോട സമിതികൾ (ചുണ്ടൻ വള്ളങ്ങൾ ഉടമസ്ഥതയിലും, കൈവശത്തിലും ഉള്ളതും അവയുടെ സംരക്ഷണം ലക്ഷ്യം വച്ചുള്ളതുമായ പ്രാദേശിക കുടുംബ കൂട്ടങ്ങൾ) അവയുടെ സംരക്ഷണത്തിലുള്ള 14-ഓളം പള്ളിയോടങ്ങൾ എന്നിവ എല്ലാം കോഴഞ്ചേരിയുടെയും സമീപ പ്രദേശങ്ങളുടെയും പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന പ്രദേശം പഴയ കോഴഞ്ചേരി കടവിന്റെ ഭാഗമായതിനാൽ, സർക്കാർ ഭൂമി, സ്വകാര്യ ഭൂമി, കൈയ്യേറ്റം, വാണിജ്യ ഭൂമി, താമസസ്ഥലം, മതസംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കൽ ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്. എം.സി റോഡിൽ (സംസ്ഥാന പാത ഒന്ന്) നിന്നും (തിരുവല്ല) 16 കിലോമീറ്ററും, പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് നിന്ന് 15 കിലോമീറ്ററും, കോട്ടയം പട്ടണത്തിൽ നിന്ന് 40 കിലോമീറ്ററും ദൂരെയായി പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ (ഭൂമി ഏറ്റെടുക്കൽ), പത്തനംതിട്ട ആണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും, ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഉദ്ദേശം ഒരു വർഷം മുമ്പ് ആരംഭിച്ച നടപടികൾ ചില സാങ്കേതിക കാരണങ്ങളാൽ നീണ്ടു പോവുകയായിരുന്നു. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നടപ്പാക്കൽ ഏജൻസി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ)ആണ് നടപടികൾ നിയന്ത്രിക്കുന്നത്. .

#### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

ഭൂമി, കച്ചവട സ്ഥാപനം, വീട് എന്നിവ നഷ്ടപ്പെടുന്ന 16-ഓളം ഭൂഉടമസ്ഥരും, ഭൂഉടമസ്ഥരല്ലാത്തവരും ചേരുന്നതാണ് പദ്ധതിയുടെ നേരിട്ടുള്ള പദ്ധതിബാധിതർ. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് കഴിയുന്ന ഒരു കുടുംബത്തിന്റെ വീട് നഷ്ടപ്പെടുന്നു

എന്നുള്ളതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. പുറമ്പോക്ക് ഭൂമിയിൽ അച്ഛൻ നിർമ്മിച്ച വീട്ടിൽ കഴിഞ്ഞു വരുന്ന സഹോദരി-സഹോദര കുടുംബങ്ങളെയാണ് വീട് നഷ്ടത്തിലൂടെ പദ്ധതി ബാധിക്കുന്നത്. കൂടാതെ തിരുവല്ല താലൂക്ക് പരിധിയിൽ ഉള്ള ആറ് ഭവനങ്ങളുടെയും, ഒരു മതസ്ഥാപന കെട്ടിടത്തിന്റെയും പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടാൻ സാധ്യത ഉണ്ട്. കൂടാതെ കോഴഞ്ചേരി പഞ്ചായത്ത് വക കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്ത് വരുന്ന 20 ഓളം വ്യാപാരികളെയും, പോസ്റ്റോഫീസിന്റെ പ്രവേശന മാർഗ്ഗത്തെയും പദ്ധതി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കോഴഞ്ചേരി പള്ളിയോട സേവാ സമിതിയുടെ പള്ളിയോടം സൂക്ഷിക്കുന്ന പള്ളിയോടം വക സ്ഥലവും ഷെഡും പദ്ധതി ബാധിതമാണ്. കൂടാതെ പമ്പാനദിയിലൂടെ യാത്ര ചെയ്യുന്ന, കൊണ്ടു വരപ്പെടുന്ന പള്ളിയോടങ്ങൾ, കടത്തു വള്ളങ്ങൾ എന്നിവയുടെ സുഗമ യാത്രയ്ക്ക് സൗകര്യപ്രദമായി പാലം നിർമ്മാണം നടത്തേണ്ടതുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പള്ളിയോടങ്ങളുടെ ഉടമസ്ഥതയുള്ള പള്ളിയോട സമിതികളേയും, പമ്പാനദിയിൽ വള്ളം ഉപയോഗിച്ച് മീൻപിടുത്തം മറ്റ് ജീവനോപാധികൾ എന്നിവ നടത്തുന്നവരേയും, പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്നവരായി കണക്കാക്കാവുന്നതാണ്.

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

പദ്ധതിക്കുവേണ്ടി 0.0437 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുവല്ല, കോഴഞ്ചേരി താലൂക്ക് പരിധിയിൽ വരുന്ന പമ്പാ നദിയോട് ചേർന്ന് സ്ഥിതിചെയ്യുന്നതും, പഴയ കോഴഞ്ചേരി കടവ് നിലനിന്നിരുന്നതുമായ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. താമസസ്ഥലം, കൈവശസ്ഥലം, സർക്കാർ ഭൂമി, പഞ്ചായത്ത് സ്ഥലം, സ്വകാര്യ, വ്യാപാര സ്ഥലം, സമുദായ സംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലങ്ങൾ, പള്ളിയോട സമിതിയുടെ കൈവശത്തിലുമുള്ള സ്ഥലം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി ഏറ്റെടുക്കുന്ന ഭൂമി സ്ഥിതി ചെയ്യുന്നു. വയൽ, കൃഷി ഭൂമി വിഭാഗങ്ങളിൽപ്പെട്ട വസ്തുക്കൾ പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. കൂടാതെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം, മാരാമൺ കൺവൻഷൻ നടക്കുന്ന മണൽ തിട്ടയിലേക്കുള്ള പ്രവേശന മാർഗ്ഗം എന്ന നിലയിൽ വലിയ വാണിജ്യ പ്രാധാന്യം ഉള്ള സ്ഥലമാണ്.

**(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**

സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാം സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരല്ലാ എന്നും, വിദ്യാഭ്യാസ നിലവാരത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസമോ അതിന് മുകളിലോ ലഭ്യമായിട്ടുള്ളവരും ആണ് എന്നാണ് പദ്ധതി ബാധിതരിൽ 90% ക്രിസ്ത്യാനികളും ശേഷിക്കുന്നവർ ഹിന്ദുക്കളുമാണ്. സാമ്പത്തിക വിവരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാവരും തന്നെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരാണ് എന്നാണ്. പദ്ധതി ബാധിതരായ ഭൂഉടമസ്ഥരുടെ തൊഴിൽ വിതരണം വ്യക്തമാക്കുന്നത് രണ്ട് പേർ സർക്കാർ ജോലിക്കാരും 2 പേർ ഇന്ത്യൻ പ്രതിരോധ മേഖലയിൽ നിന്നും വിരമിച്ചവർ ആണ് എന്നുമാണ്. 2 പേർ ഗവൺമെന്റ് സർവ്വീസിൽ നിന്നും വിരമിച്ചവരും 6 പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും, ശേഷിക്കുന്നവർ സ്വന്തം വ്യാപാര-വ്യവസായങ്ങളോ തൊഴിലുകളോ ചെയ്യുന്നവരുമാണ്. കുടുംബാംഗങ്ങളുടെ

വിതരണം സൂചിപ്പിക്കുന്നത് 80% കുടുംബങ്ങളും അഞ്ചോ അതിൽ താഴെയോ അംഗങ്ങൾ ഉള്ളവയാണ് എന്നാണ്. വീടുകളുടെ അവസ്ഥ വ്യക്തമാക്കുന്നത് എല്ലാ പദ്ധതി ബാധിതരും ഓടോ, വാർക്കയോ മേർക്കൂരകളുള്ള വീടുകളുടെ ഉടമസ്ഥരാണ് എന്നാണ്. പദ്ധതി ബാധിത ഭൂഉടമസ്ഥരിൽ ആരും തന്നെ പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെടുന്നതായി കാണുന്നില്ല.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ഇപ്പോഴുള്ള കോഴഞ്ചേരി പാല ത്തിന് സമീപത്തായി പുതിയ പാലം നിർമ്മിക്കുക. | വലിയ തോതിൽ പുനരധിവാസ പ്രവർത്ത നങ്ങൾ ആവശ്യമാണ്. 30 ഓളം വ്യാപാര വ്യവസായ സ്ഥാപനങ്ങളും ബഹു നില കെട്ടിടങ്ങളും ഒഴിപ്പിക്കേണ്ടിവരുന്നു. |
| 2 | ഇപ്പോഴുള്ള പാലത്തിന്റെ കിഴക്ക് ഭാഗത്തായി പുതിയ പാലം നിർമ്മി ക്കുക. | നാല് വീടുകളും 16 വ്യാപാര സ്ഥാപന ങ്ങളും, 2 ബഹു നില കെട്ടിടങ്ങളും ഒഴിപ്പി ക്കേണ്ടിവരും. |

### 1.5. സാമൂഹിക പ്രത്യാഘാതം

ദശകങ്ങളായി സർക്കാർ ഭൂമി കൈവശം വച്ച് അതിൽ ഭവന നിർമ്മാണം നടത്തി താമസിച്ചുവ രുന്ന ഒരു കുടുംബത്തിന്റെ ഭവന നഷ്ടം, പന്ത്രണ്ടോളം വരുന്ന ഭൂ ഉടമസ്ഥരുടെ ഭൂമി നഷ്ടവും വീടുകളിലേക്ക് ഉള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടവും പൊതു സ്ഥാപനമായ മാരാമൺ എൽ.പി. സ്കൂളിന്റെ അങ്കണ നഷ്ടം, കോഴഞ്ചേരി പോസ്റ്റോഫീസിന്റെ ഭൂമി നഷ്ടം, പഞ്ചായത്ത് കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്യുന്ന കച്ചവടക്കാരുടെ കച്ചവട ത്തിന്റെ ഒഴിപ്പിക്കലും തുടർന്നുള്ള വ്യാപാര നഷ്ടവും, കോഴഞ്ചേരി പള്ളിയോടം സംരക്ഷി ക്കുന്ന ഷെഡിന്റെ നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതയായി കണ ക്കാക്കിയിട്ടുള്ളത്. എന്നാൽ സമീപസ്ഥമായി നാല് കടവുകളും, കടത്തുകളും പ്രവർത്തിക്കുന്ന കോഴഞ്ചേരി ആറാട്ടുകടവ് പമ്പാ നദി ഭാഗത്ത് നിർമ്മിക്കപ്പെടുന്ന പാലം, ഈ പ്രദേശത്ത് ഗതാഗത സൗകര്യം ഗണ്യമായി വർദ്ധിപ്പിക്കാൻ പര്യാപ്തമാണ്. എന്നാൽ ഇപ്പോഴത്തെ കോഴ ഞ്ചേരി പാലത്തിന്റെയും പുതുതായി പണിയുന്ന പാലത്തിന്റെയും പില്ലറുകൾ (തൂണുകൾ) വലിയ ചുണ്ടൻ വള്ളങ്ങൾക്ക് പമ്പയാറ്റിലൂടെ സുഗമമായി കടന്നുപോകത്തക്കവിധം നിർമ്മി ക്കേണ്ടത് അത്യാവശ്യമാണ്. നാൽപ്പത് പള്ളിയോട സമിതികളും 14 പള്ളിയോടങ്ങളും ഉള്ള പമ്പാ നദിയുടെ പ്രദേശത്ത് പാലം നിർമ്മാണം നടത്തുമ്പോൾ, പള്ളി ഓടങ്ങളുടെ സുഗമ മായ സഞ്ചാരം ഉറപ്പ് വരുത്തിക്കൊണ്ട് വേണം നടപ്പാക്കേണ്ടത്. പദ്ധതി ബാധിക്കപ്പെടുന്ന പഞ്ചായത്ത് കെട്ടിടത്തിലും പഞ്ചായത്ത് സ്ഥലത്തും സ്വയമായും മറ്റുള്ളവരുടെ വ്യാപാര ത്തിൽ പങ്കാളിയായും ജോലിക്കാരനായും ഉപജീവനം കഴിക്കുന്ന ആളുകളുടെ പുനരധി വാസം ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. പദ്ധതി നടപ്പാക്കുന്നത് മാരാമൺ കൺവൻഷൻ മണപ്പുറത്തേക്ക് ഉള്ള പ്രവേശന വഴി ഉൾപ്പെടുന്ന പ്രദേശത്താണ്. ഈ പ്രവേ ശന വഴികൾക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിലുള്ള നിർമ്മാണങ്ങൾ പ്രത്യാഘാത ലഘുകര ണത്തിന് സഹായകരമാണ്. കേരളത്തിന്റെ പ്രത്യേകിച്ച് മധ്യ തിരുവിതാംകൂർ പ്രദേശത്തിന്റെ

ജീവനാഡിയായ പമ്പാ നദിയുടെ ഒഴുക്കിനേയും, തീര പ്രദേശത്തെ ജൈവ പ്രകൃതിയെയും ബാധിക്കാതെ പദ്ധതി നിർവ്വഹണം സാധ്യമാവേണ്ടതാണ്.

എല്ലാ വർഷവും നടക്കുന്ന പള്ളിയോട മത്സരങ്ങൾ, ആറന്മുള്ള വള്ള സദ്യ, ചെറുകോൽപുഴ ഹിന്ദുമത കൺവൻഷൻ, മാരമൺ കൺവൻഷൻ എന്നീ സാംസ്കാരിക പരിപാടികൾക്ക് പമ്പാനദിയും പമ്പയുടെ മണൽത്തിട്ടകളും, പമ്പയിലൂടെ യാത്രയാകുന്ന പള്ളിയോടങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സാംസ്കാരിക പരിപാടികൾക്ക് യാതൊരുവിധ പ്രതിബന്ധങ്ങളും സൃഷ്ടിക്കപ്പെടാൻ പദ്ധതി കാരണമാകുവാൻ പാടില്ല.

**1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2. | ഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 5. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 6. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 7. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 8 | പള്ളിയോടങ്ങളുടെ യാത്രയിൽ ഉണ്ടാകാവുന്ന തടസ്സം | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 9 | സാംസ്കാരിക ആഘോഷങ്ങൾക്കുവേണ്ടി പള്ളിയോടങ്ങൾ ഉപയോഗപ്പെടുത്തുന്നതിലുണ്ടാകുന്ന തടസ്സങ്ങൾ | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |

| | | | |
|---|---|---|---|
| 10 | വീടുകളിലേക്കും ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 11 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങ ളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 12 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 13 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നട പടിക്രമങ്ങളിൽ ഉൾപ്പെ ടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 14 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

തിരുവല്ല - കോഴഞ്ചേരി താലൂക്കുകളെ ബന്ധിപ്പിച്ച് ഇപ്പോഴുള്ള കോഴഞ്ചേരി പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പദ്ധതി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപ രിഹാരത്തിനും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുള്ള നിയമം 2013 ഉം 2015 ൽ കേരള സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും പ്രകാരം പൊതുതാല്പര്യ പദ്ധതിയിൽ പെടുത്തി സാമൂഹ്യപ്രത്യാഘാത പഠനത്തിന് സമർപ്പിച്ചിരിക്കുന്നു.

പദ്ധതി സംബന്ധമായി പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അറിവുള്ളതും പദ്ധതിയുടെ ആവ ശ്യകതയെക്കുറിച്ച് ബോധ്യമുള്ളതുമാണ് എന്ന് വിലയിരുത്താവുന്നതാണ്. കോഴഞ്ചേരി പട്ട ണത്തിന്റെ പ്രാധാന്യം, പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ധാരാളിത്തം, പദ്ധതി റോഡ് ഗാതാഗത രംഗത്ത് ഉണ്ടാക്കാവുന്ന നേട്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോഴും ബദൽ നിർദ്ദേശങ്ങളുടെ സാധ്യതകുറവും, പദ്ധതിയുടെ പൊതു സ്വീകാര്യകതയും സൂചിപ്പി ക്കുന്നത് പദ്ധതിയുടെ ഉയർന്ന തലത്തിലുള്ള പൊതുതാല്പര്യ പ്രസക്തിയെയാണ് എന്ന് കണക്കാക്കാവുന്നതാണ്.

പദ്ധതിയുടെ ബദൽ നിർദ്ദേശങ്ങൾ വളരെ ഒറ്റപ്പെട്ട നിലയിൽ സമർപ്പിക്കപ്പെട്ടു എങ്കിലും, അവ യുടെ പ്രാഥമിക വിലയിരുത്തലിൽ തന്നെ പദ്ധതിയേക്കാൾ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടി ക്കപ്പെടുന്നതും, പൊതു ജനോപകാര സൂചികയിൽ പദ്ധതിക്ക് താഴെ മാത്രം വില രേഖപ്പെടു ത്തുന്നതുമാണ് എന്ന് കണ്ടെത്തുകയുണ്ടായി.

മേൽപറഞ്ഞ വിശകലനങ്ങളും പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതവും അതിന്റെ ലഘുകരണ സാധ്യതകളും വിലയിരുത്തുമ്പോൾ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതത്തെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്.

ദശകങ്ങളായി പദ്ധതി പ്രദേശത്ത് താമസിച്ചുവരുന്ന ഒരു കുടുംബത്തിന്റെ പുനരധിവാസ മാണ് പദ്ധതിയുടെ പ്രത്യാഘാത ലഘുകരണ നടപടികളിൽ പ്രഥമസ്ഥാനത്ത് കണക്കാക്കേണ്ട ത്, പ്രസ്തുത കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെ അല്ല എങ്കിലും സ്ത്രീ കുടുംബനാഥയായിട്ടുള്ള കുടുംബം ആയതിനാലും പ്രായമായ ഒരു കുടുംബാംഗം (അമ്മ) കിടപ്പ് രോഗിയായി ഉള്ളതിനാലും ര ് കുടുംബങ്ങൾ ഒരു ഭവനത്തിൽ താമസിക്കുന്നു എന്നതിനാലും വീട്ടുടമസ്ഥയ്ക്ക് താമസ സ്ഥലം ഒഴിച്ച് മറ്റൊരു സ്ഥലം വീട് വയ്ക്കാൻ ഇല്ല എന്ന് അവകാശപ്പെടുന്നതിനാലും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബമായി കണക്കാക്കി പ്രത്യേക പുനരധിവാസ ധനസഹായം നൽകി മാറ്റി പാർപ്പിക്കാവുന്നതാണ്. ആയത് പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

വർഷങ്ങളായി പദ്ധതി പ്രദേശത്ത് താമസിക്കുന്നു എന്നുള്ളതും, പ്രദേശത്തെ താമസത്തി ലൂടെ വർഷാ വർഷം നടക്കുന്ന സാംസ്കാരിക പരിപാടികളുടെ സമയത്ത് ലഭ്യമാകുന്ന വലിയ തോതിലുള്ള വരുമാനം, പദ്ധതി ബാധിതാ കുടുംബത്തിന് മറ്റ് ഭൂ ഉടമസ്ഥതയില്ല എന്നവാദം രണ്ട് കുടുംബ യൂണിറ്റുകൾ ഒന്നിച്ചുകഴിയുന്നു എന്ന വെളിപ്പെടുത്തൽ എന്നിവ നഷ്ടപരിഹാര നിർണ്ണയത്തിലും പുനരധിവാസ പദ്ധതി രൂപപ്പെടുത്തുന്നതിലും കണക്കിലെ ടുക്കുന്നത് പ്രത്യാഘാത ലഘുകരണത്തിന് സഹായകരമാണ്.

പദ്ധതി ബാധിതരായ പല ഭൂഉടമസ്ഥരുടെയും താമസ ഭവനങ്ങളിലേക്കുള്ള പ്രവേശ മാർഗ്ഗ ങ്ങളെ പദ്ധതി ബാധിക്കാൻ സാധ്യത ഉണ്ട്. പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം പദ്ധതി നടപ്പാക്കാൽ രൂപ രേഖയിൽ ഉൾപ്പെടുത്തുന്നത് പദ്ധതി ബാധിതരുടെ ആശങ്ക അകറ്റാൻ സഹായകരമാണ്.

പദ്ധതി സംബന്ധമായി പൊതുജനങ്ങൾക്ക് ഉള്ള സംശയങ്ങൾ, ആശങ്കകൾ എന്നിവ അകറ്റു ന്നതിന് പദ്ധതി ബാധിതർക്കു വേണ്ടി പദ്ധതി വിശദീകരണ സൗകര്യങ്ങൾ നടപ്പാക്കൽ ഏജൻസി സംഘടിപ്പിക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് അനാവശ്യ പ്രചാരണങ്ങൾ ഇല്ലാതാകുന്നതിനും സഹായകരമാണ്.

പദ്ധതി ബാധിക്കുന്ന പൊതു സ്ഥാപനങ്ങളായ ലോവർ പ്രൈമറി സ്കൂൾ, പോസ്റ്റാഫീസ് എന്നിവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി സാധ്യമെങ്കിൽ തൽസ്ഥാനത്ത് തുടരാൻ അനു വദിക്കുന്നത് പൊതുജനോപകാര പ്രദമായിരിക്കും എന്ന് കണക്കാക്കാവുന്നതാണ്.

കോഴഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളിലും സ്ഥലത്തും പ്രവർത്തി ക്കുന്ന പല വ്യാപാര സ്ഥാപനങ്ങളെയും പദ്ധതി ബാധിക്കുന്നുണ്ട്. ഇപ്രകാരം ജീവിതോപാധി നഷ്ടപ്പെടുന്ന വ്യാപാരികളുടെ പുനരധിവാസം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉറപ്പ് വരു ത്തുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കുന്നു.

കോഴഞ്ചേരി പള്ളിയോടം സംരക്ഷിക്കുന്നതിനുവേണ്ടി പള്ളിയോട സമിതി നിർമ്മിച്ചിരിക്കുന്ന ഷെഡ് പദ്ധതി ബാധിതമാണ്. പള്ളിയോടങ്ങളുടെ സാംസ്കാരിക പ്രാധാന്യവും പൊതുതാല്പര്യവും കണക്കിലെടുത്ത് ജനകീയ അഭിപ്രായ അടിസ്ഥാനത്തിൽ പുനസ്ഥാപന രൂപരേഖ തയ്യാറാക്കുന്നത് പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സഹായകരമാണ്.

പമ്പാ നദിയുടെ സാംസ്കാരിക പ്രാധാന്യം, നദീതീരത്ത് പ്രവർത്തിക്കുന്ന നാല്പതോളം പള്ളിയോട സമിതികളുടെ പ്രവർത്തനങ്ങൾ, സാംസ്കാരികവും, സാമുദായികവും, മതപരവും ആയ പരിപാടികൾക്ക് വേണ്ടി പമ്പാനദിയിലൂടെ സുഗമമായി യാത്ര ചെയ്യേണ്ട പള്ളിയോടങ്ങൾ, വിവിധ പള്ളിയോട സമിതികളുടെ ഉടമസ്ഥതയിലുള്ള പതിനാലോളം ചുണ്ടൻ വള്ളങ്ങൾ അവയുടെ സുഗമമായ യാത്ര, പമ്പാ നദിയിൽ എല്ലാ വർഷവും നടക്കുന്ന വള്ളം കളി മത്സരം നദീ തീരത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം ഇവ എല്ലാം കണക്കാക്കിയുള്ള പദ്ധതി രൂപീകരണം പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതിമൂലം പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രാധാന്യം ബാധിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും സഹായകരമാണ്.

എല്ലാ വർഷവും നടന്നു വരുന്നതും ഏഷ്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ടതുമായ ഒരു സാംസ്കാരിക സംഗമമായ മാരാമൺ കൺവൻഷന്റെ പ്രധാനപ്പെട്ട പ്രവേശന റോഡുകൾ എല്ലാം പദ്ധതി ബാധിതമായി കണക്കാക്കപ്പെടുന്നു. അതുകൊ ് തന്നെ പ്രസ്തുത പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം സാംസ്കാരിക പരിപാടിയുടെ സുഗമമായ നടത്തിപ്പിനും അത്യാവശ്യമാണ്.

പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം എല്ലാ തരത്തിലുമുള്ള സാമൂഹിക പ്രത്യാഘാതത്തെയും കുറയ്ക്കാൻ പര്യാപ്തമാണ്. പദ്ധതി ബാധിതരുടെയും ജന പ്രതിനിധികളുടെയും, പൊതുജനങ്ങളുടെയും ഇടയിൽ പദ്ധതി സംബന്ധമായ ഇപ്പോഴുള്ള പൊതു താൽപ്പര്യം നിലനിർത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഇല്ലായ്മ ചെയ്യുന്നതിന് സഹായകരമാണ്.

പദ്ധതിയുടെ പൊതുതാൽപ്പര്യം പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

## അദ്ധ്യായം 2
## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

തിരുവല്ല, കോട്ടയം പ്രദേശങ്ങളിൽ നിന്നും പത്തനംതിട്ട ജില്ലയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവ കൺവൻഷൻ ആയ മാരാമൺ കൺവൻഷൻ, പ്രശസ്ത ഹിന്ദു മത കൺവൻഷൻ ആയ ചെറുകോൽപ്പുഴ കൺവൻഷൻ എന്നീ കൺവനുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വലിയ തോതിലുള്ള വാഹന ഗതാഗതത്തിന് സൗകര്യം ഒരുക്കുക, ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ചുള്ള വാഹന ഗതാഗതം സുഗമമാക്കുക, കോഴഞ്ചേരി പട്ടണത്തിലെ ഗതാഗതകുരുക്ക് പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഇപ്പോഴുള്ള പാലത്തിന് സമാന്തരമായി, നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലം വിഭാവനം ചെയ്തിട്ടുള്ളത്.

### 2.1.1. -റിക്വസിഷൻ അധികാരി

### 2.1.1. (എ). - പൊതുമരാമത്ത് വകുപ്പ്

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോ മീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജഭരണ കാലത്ത് റോഡുകളുടെ വികസനത്തിനു വേ ി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു.

ഇന്ന് അഞ്ച് ചീഫ് എൻജിനീയറന്മാരുടെ കീഴിൽ 20 സൂപ്ര ിങ്ങ് എൻജിനീയറന്മാരും, 76 എക്സി ക്യൂട്ടീവ് എൻജിനീയറന്മാരും 639 അസിസ്റ്റന്റ് എൻജിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃഖംലയാണ്. കോഴഞ്ചേരി പുതിയ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് പാലം വിഭാഗത്തെ യാണ്. തിരുവല്ല സബ് ഡിവിഷൻ ഓഫീസ്, പാലം വിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയ റുടെ ഓഫീസ് ആണ് മേൽനോട്ടം വഹിക്കുന്നത്.

### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

സ്പെഷ്യൽ തഹസിൽദാർ (ഭൂമി ഏറ്റെടുക്കൽ), പത്തനംതിട്ട ആണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും, ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഉദ്ദേശം ഒരു വർഷം മുമ്പ് ആരംഭിച്ച നടപടികൾ ചില സാങ്കേതിക കാരണങ്ങളാൽ നീണ്ടു പോവുകയായിരുന്നു. പദ്ധതിക്ക്‌വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നടപ്പാക്കൽ ഏജൻസി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ)ആണ് നടപടികൾ നിയന്ത്രിക്കുന്നത്. .

### 2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലത്തിന്റെ പൊതു താൽപ്പര്യത്തെ മൂന്ന് തലങ്ങളിൽ നിർവചിക്കാവുന്നതാണ്. പത്തനംതിട്ട ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട വാണിജ്യ- വ്യാപാര കേന്ദ്രങ്ങളായ തിരുവല്ല- കോഴഞ്ചേരി പട്ടണങ്ങളെ ബന്ധിപ്പിക്കുക, പത്തനംതിട്ട ജില്ലയെ

സമീപസ്ഥ ജില്ലയായ കോട്ടയവുമായി ബന്ധിപ്പിക്കുക അതിലൂടെ ജില്ലയുടെ വ്യാപാര വാണിജ്യ മേഖലയ്ക്ക് ഉത്തേജനം നൽകുക. ര ാമതായി ഏറ്റവും വലിയ സാംസ്കാരിക പരിപാടികളായ മാരാമൺ കൺവൻഷൻ, ചെറുകോൽപ്പുഴ ഹിന്ദുമത കൺവൻഷൻ. ആറന്മുള പള്ളിയോട മത്സരം, ആറന്മുള വള്ള സദ്യ എന്നിവയുമായി ബന്ധപ്പെട്ട് കോഴഞ്ചേരിയിലും പരിസര പ്രദേശങ്ങളിലും ഉ ാവുന്ന വലിയ തോതിലുള്ള ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം രൂപപ്പെടുത്തുക.. മൂന്നാമതായി കോഴഞ്ചേരി പഴയ പാലം സംബന്ധമായി ഉ ാകാവുന്ന അറ്റകുറ്റ പണികളുടെ സമയത്ത് വാഹന ഗതാഗതം, ശബരിമല തീർത്ഥാടന പാതയിൽ ഒന്നായ തിരുവ്ല്ല- റാന്നി പാതയിൽ തടസ്സം കൂടാതെ നിലനിർത്തുക.

**2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ**

| ക്രമ നം. | ഉ ാകാവുന്ന നഷ്ടം | എണ്ണം |
|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | 1 |
| 2 | കെട്ടിടങ്ങളുടെ നഷ്ടം | 3 |
| 3. | ഭൂമിയുടെ നഷ്ടം | 16 |
| 4 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | 3 |
| 5 | മരങ്ങളുടെ നഷ്ടം | 8-12 |

**2.3.1. പദ്ധതി പ്രദേശം**

കോഴഞ്ചേരി, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിക്കുന്ന പാലവും, അനുബന്ധ റോഡുമാണ് പദ്ധതി എന്നുള്ളതുകൊണ്ട് തന്നെ രണ്ട് താലൂക്കുകളിലെയും ഭൂമി ഏറ്റെടുക്കലിന് വിധേയമാക്കപ്പെടുന്നുന്നുണ്ട്. കോട്ടയം-പത്തനംതിട്ട (തിരുവല്ല-പത്തനംതിട്ട) റോഡിൽ കോഴഞ്ചേരി പാലത്തിന് സമാന്തരമായി പഴയ കോഴഞ്ചേരി കടവ് പ്രവർത്തിച്ചിരുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. പത്തനംതിട്ട ജില്ലയിലെ വളരെ വാണിജ്യ പ്രധാനമായ പട്ടണമാണ് കോഴഞ്ചേരി. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും, രാജ്യ വ്യാപകമായി പ്രവർത്തിക്കുന്ന പല സ്വകാര്യ പണം ഇടപാട് സ്ഥാപനങ്ങളും കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള കോഴഞ്ചേരി, സംസ്ഥാനത്തെ വളരെ പഴക്കം ചെന്ന ഒരു ജനവാസ കേന്ദ്രമാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവൻഷനും (മാരാമൺ) ഹിന്ദുമത കൺവഷനും (ചെറുകോൽപ്പുഴ) സമീപസ്ഥമായി നടത്തപ്പെടുന്നു എന്നുള്ളതും കോഴഞ്ചേരിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടാതെ ആറന്മുള വള്ളം കളി, പമ്പാതീരത്തുള്ള നാൽപതോളം പള്ളിയോട സമിതികൾ (ചുണ്ടൻ വള്ളങ്ങൾ ഉടമസ്ഥതയിലും, കൈവശത്തിലും ഉള്ളതും അവയുടെ സംരക്ഷണം ലക്ഷ്യം വച്ചുള്ളതുമായ പ്രാദേശിക കുടുംബ കൂട്ടങ്ങൾ) അവയുടെ സംരക്ഷണത്തിലുള്ള 14-ഓളം പള്ളിയോടങ്ങൾ എന്നിവ എല്ലാം കോഴഞ്ചേരിയുടെയും സമീപ പ്രദേശങ്ങളുടെയും പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന പ്രദേശം പഴയ കോഴഞ്ചേരി കടവിന്റെ ഭാഗമായതിനാൽ, സർക്കാർ ഭൂമി, സ്വകാര്യ ഭൂമി, കൈയ്യേറ്റം, വാണിജ്യ ഭൂമി, താമസസ്ഥലം, മതസംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കൽ

ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്. എം.സി റോഡിൽ (സംസ്ഥാന പാത ഒന്ന്) നിന്നും (തിരുവല്ല) 16 കിലോമീറ്ററും, പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് നിന്ന് 15 കിലോമീറ്ററും, കോട്ടയം പട്ടണത്തിൽ നിന്ന് 40 കിലോമീറ്ററും ദൂരെയായി പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

**2.4. പദ്ധതിനിർവ്വഹണ ഘട്ടം**

ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹിക പ്രത്യാഘാത പഠനത്തിനായി പദ്ധതി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

**2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ**

ബാധകമല്ല

**2.6. പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത**

ബാധകമല്ല

**2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠന ങ്ങളോ നടത്തിയിട്ടു ക്കിൽ അതിന്റെ വിവരങ്ങൾ**

ബാധകമല്ല

**2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏററെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |

## അദ്ധ്യായം 3
## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

**3.1. പശ്ചാത്തലം**

കേരളാ ഗസറ്റ് തീയതി ഡിസംബർ 10, 2019, നമ്പർ 49 (നോട്ടിഫിക്കേഷൻ നം. സി2-23778/2016 തീയതി നവംബർ 5, 2019) നമ്പർ അറിയിപ്പ് പ്രകാരം കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ കേരളാ വി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയും കോഴഞ്ചേരി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡിനു വേ ി സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയു ാ യി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ്<br>36 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാ ി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.വില്ലേജ് ഓഫീസർ |

### 3.3. പഠന സമീപനം

ആകെ പദ്ധതിക്ക് വേ ി ഏറ്റെടുക്കുന്നത് 0.0437 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ ക ത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉ ായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉ ായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉ ായി. പദ്ധതി ബാധിതർക്ക് വേ ി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉ ായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ ക ത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉ ായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീ ും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉ ായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ ഓഫീസ്, (എൽ.എ.)
2. തോട്ടപ്പുഴശ്ശേരി, കോഴഞ്ചേരി പഞ്ചായത്ത് ഓഫീസ്
3. തോട്ടപ്പുഴശ്ശേരി, കോഴഞ്ചേരി വില്ലേജ് ഓഫീസുകൾ,
4. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, പാലം വിഭാഗം, തിരുവല്ല
5. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും
6. ജന പ്രതിനിധികൾ

### 3.6. നടപടികളും സമയക്രമങ്ങളും

10/12/2019 -സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

21/01/2020 - വിജ്ഞാപനം സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെ അറിയിപ്പ്

05/01/2020- 10/01/2020 - സെക്ക റി വിവര ശേഖരണം

06/01/2020 - പദ്ധതി പങ്കാളികളെ / താൽപ്പര്യമുള്ളവരെ ക ത്തൽ

10/01/2020- 11/01/2020- സാമൂഹിക സർവ്വേ

10/01/2020- 11/01/2020- 'ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

25/01/2020 - ഡ്രാഫ്റ്റ് റിപ്പോർട്ട്

17/02/2020 - പൊതു അഭിപ്രായ സ്ഴീകരണം

03/03/2020 - അന്തിമ റിപ്പോർട്ട്

**3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ**

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2, ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേ ി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.

3. ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൃത്യമായി വിവരങ്ങൾ നൽകുകയും പദ്ധതി ബാധിത രുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.

4. പുനരധിവാസ- പുനർവാസ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെ പങ്കെടുപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പുരോഗതി സബന്ധമായി കൃത്യമായ വിവരങ്ങൾ നൽകുകയും വേണം.

**3.8. പൊതു അഭിപ്രായ സ്വീകരണം - 17/02/2020, നെടുംപ്രയാർ, മാർത്തോമാ പ്രാർത്ഥനാലയം, (എം. റ്റി. എൽ. പി. സ്കൂളിന് സമീപം)**

17/02/2020 ൽ നെടുംപ്രയാർ, മാർത്തോമാ പ്രാർത്ഥനാലയം ഹാളിൽ വച്ച് നടന്ന പൊതു അഭി പ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാ രത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1. | കോഴഞ്ചേരി പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ നൽകിയ ഉറപ്പിൽ ഒരു വീടും കെട്ടിടവും നഷ്ടപ്പെടില്ല എന്ന് പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ പദ്ധതി രൂപരേഖ പ്രകാരം, കോഴഞ്ചേരി പഞ്ചായത്ത് വക കെട്ടിടം, ഒരു താമസ ഭവനം എന്നിവ നഷ്ടപ്പെടുന്നു എന്ന് കാണുന്നു. ജന പ്രതിനിധികൾ യോഗത്തിൽ നൽകിയ ഉറപ്പ് പാലിക്കണം. | പദ്ധതി ആസൂത്രണ സമയത്ത് നടന്ന യോഗങ്ങളിൽ ലഭ്യമായ അഭിപ്രായങ്ങൾ സംയോജിപ്പിച്ചാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയത്. താമസ ഭവനങ്ങൾക്കും, കെട്ടിടങ്ങൾക്കും കഴിവതും നാശ നഷ്ടങ്ങൾ ഒഴിവാക്കിയാണ് രൂപരേഖ തയ്യാർ ചെയ്തത് എന്ന് നടപ്പാക്കൽ ഏജൻസി വിശദീകരിച്ചു. |
| 2 | പദ്ധതിയുടെ തോട്ടപ്പുഴശ്ശേരി വില്ലേജ് ഭാഗത്തുള്ള താമസഭവനങ്ങളിലേക്ക് ഇപ്പോഴുള്ള പ്രവേശനമാർഗ്ഗങ്ങൾക്ക് തടസ്സം ഉ ാവാത്ത വിധം പദ്ധതി നടപ്പാക്കണം. പദ്ധതിയുടെ രൂപരേഖ ഇലക്ട്രോണിക്സ് മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി ബാധിതർക്ക് വിശദീകരിക്കണം. | പദ്ധതി രൂപരേഖ പൊതു ജനങ്ങൾക്ക് പരിശോധനയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ തിരുവല്ല ഓഫീസിൽ ലഭ്യമാണ്. കൂടാതെ തോട്ടപ്പുഴശ്ശേരി, കോഴഞ്ചേരി വില്ലേജ് ഓഫീസുകളിലും പൊതുജന പരിശോധനയ്ക്ക് ലഭ്യമാക്കാം എന്ന് |

| | | |
|---|---|---|
| | | നടപ്പാക്കൽ ഏജൻസി പ്രതിനിധികൾ അറിയിച്ചു. |
| 3 | പദ്ധതിക്ക് വേ ി വീട് നഷ്ടപ്പെടുന്നതും, പുറമ്പോക്ക് താമസക്കാരിയുമായ ശ്രീമതി അന്നമ്മ തന്റെ വീട് സംരക്ഷിക്കണമെന്നും, സംരക്ഷിക്കാൻ സാധ്യമല്ല എങ്കിൽ ന്യായമായ നഷ്ട പരിഹാരം നൽകി, തന്റെ കൈവശത്തിലുള്ള ശേഷിക്കുന്ന ഭൂമിയിൽ വീട് വയ്ക്കാൻ അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടു. | ഗവൺമെന്റിന്റെ പുനരധിവാസ പുനർവാസ നടപടികളുമായി സഹകരിക്കണം. |
| 4 | പദ്ധതിയുടെ തോട്ടപ്പുഴശ്ശേരി വില്ലേജ് ഭാഗത്ത് ര ് വശത്തും സർവ്വീസ് റോഡുകൾ വേണം എന്ന് സമീപസ്ഥ പദ്ധതി ബാധിതർ ആവശ്യപ്പെട്ടു. തങ്ങളുടെ വീടുകളിലേക്ക് ഇപ്പോഴുള്ള പ്രവേശനമാർഗ്ഗം അതേ രീതിയിൽ നിലനിർത്തുന്നതിന് അത് അത്യാവശ്യമാണ്. | ഒരു വശത്ത് സർവ്വീസ് റോഡും മറു വശത്ത് റാമ്പും ആണ് പദ്ധതി നിർദ്ദേശിക്കുന്നത് എന്ന് നടപ്പാക്കൽ ഏജൻസിയുടെ പ്രതിനിധികൾ അറിയിച്ചു. എന്നാവ് പദ്ധതി ബാധിതരുടെ അഭിപ്രായങ്ങൾ സാങ്കേതിക പഠനത്തിന് വിധേയമാക്കാമെന്നും അറിയിച്ചു. |
| 5 | പദ്ധതിയുടെ കോഴഞ്ചേരി വില്ലേജ് ഭാഗത്ത്, ഇപ്പോഴുള്ള പഞ്ചായത്ത് ചന്തയിലേക്കുള്ള വലിയ വാഹനങ്ങളുടെ പ്രവേശനം അതേപോലെ നിലനിർത്തണം. | നിലവിലെ ചന്തയിലേക്ക് വലിയ വാഹനങ്ങളുടെ പ്രവേശനം പദ്ധതിമൂലം തടസ്സപ്പെടില്ല എന്ന് പൊതുമരാമത്ത് വകുപ്പ് പ്രതിനിധികൾ അറിയിച്ചു. |
| 6 | പദ്ധതി ബാധിക്കുന്ന പഞ്ചായത്ത് കെട്ടിടത്തിലും, തുറസ്സായ സ്ഥലത്തും വർഷങ്ങളായി കച്ചവടം നടത്തുന്നവർക്ക് ജോലി നഷ്ടം ഉ ാവരുത്. | പദ്ധതി ബാധിക്കുന്ന വ്യാപാരികളെ പുനരധിവസിപ്പിക്കാൻ പഞ്ചായത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായി കോഴഞ്ചേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് അറിയിച്ചു. എന്നാൽ ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഇക്കാര്യത്തിന് ഉ ാവണം എന്ന് അദ്ദേഹം ആവശ്യപ്പെട്ടു. |
| 7 | നൂറ്റി ഇരുപത്തഞ്ച് വർഷമായി നടന്നു വരുന്ന മാരാമൺ കൺവൻഷന്റെ നടത്തിപ്പിന് തടസ്സമു ാവാത്താ വിധം പദ്ധതി നടപ്പാക്കണം. | റിപ്പോർട്ടും ഇക്കാര്യം ചൂ ികാണിച്ചിട്ടു ്. |
| 8 | പദ്ധതി ബാധിതർക്ക് സമയ ബന്ധിതമായി നഷ്ട പരിഹാരം നൽകണം. | റിപ്പോർട്ടും ഇക്കാര്യം സൂചിപ്പിക്കുന്നു. പ്രത്യാഘാത ലഘൂകരണത്തിന് ഇത് അത്യാവശ്യമാണ്. |

## <u>അദ്ധ്യായം 4</u>

## <u>പദ്ധതി ഭൂമിയുടെ വിശകലനം</u>

### 4.1. ഭൂമിയുടെ വിവരണം

കോഴഞ്ചേരി, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിക്കുന്ന പാലവും, അനുബന്ധ റോഡുമാണ് പദ്ധതി എന്നുള്ളതുകൊണ്ട് തന്നെ രണ്ട് താലൂക്കുകളിലെയും ഭൂമി ഏറ്റെടുക്കലിന് വിധേയമാക്കപ്പെടുന്നുന്നുണ്ട്. കോട്ടയം-പത്തനംതിട്ട (തിരുവല്ല-പത്തനംതിട്ട) റോഡിൽ കോഴഞ്ചേരി പാലത്തിന് സമാന്തരമായി പഴയ കോഴഞ്ചേരി കടവ് പ്രവർത്തിച്ചിരുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. പത്തനംതിട്ട ജില്ലയിലെ വളരെ വാണിജ്യ പ്രധാനമായ പട്ടണമാണ് കോഴഞ്ചേരി. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും, രാജ്യ വ്യാപകമായി പ്രവർത്തിക്കുന്ന പല സ്വകാര്യ പണം ഇടപാട് സ്ഥാപനങ്ങളും കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള കോഴഞ്ചേരി, സംസ്ഥാനത്തെ വളരെ പഴക്കം ചെന്ന ഒരു ജനവാസ കേന്ദ്രമാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവൻഷനും (മാരാമൺ) ഹിന്ദുമത കൺവഷനും (ചെറുകോൽപ്പുഴ) സമീപസ്ഥമായി നടത്തപ്പെടുന്നു എന്നുള്ളതും കോഴഞ്ചേരിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടാതെ ആറന്മുള വള്ളം കളി, പമ്പാതീരത്തുള്ള നാൽപതോളം പള്ളിയോട സമിതികൾ (ചുണ്ടൻ വള്ളങ്ങൾ ഉടമസ്ഥതയിലും, കൈവശത്തിലും ഉള്ളതും അവയുടെ സംരക്ഷണം ലക്ഷ്യം വച്ചുള്ളതുമായ പ്രാദേശിക കുടുംബ കൂട്ടങ്ങൾ) അവയുടെ സംരക്ഷണത്തിലുള്ള 14-ഓളം പള്ളിയോടങ്ങൾ എന്നിവ എല്ലാം കോഴഞ്ചേരിയുടെയും സമീപ പ്രദേശങ്ങളുടെയും പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന പ്രദേശം പഴയ കോഴഞ്ചേരി കടവിന്റെ ഭാഗമായതിനാൽ, സർക്കാർ ഭൂമി, സ്വകാര്യ ഭൂമി, കൈയ്യേറ്റം, വാണിജ്യ ഭൂമി, താമസസ്ഥലം, മതസംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കൽ ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്. എം.സി റോഡിൽ (സംസ്ഥാന പാത ഒന്ന്) നിന്നും (തിരുവല്ല) 16 കിലോമീറ്ററും, പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് നിന്ന് 15 കിലോമീറ്ററും, കോട്ടയം പട്ടണത്തിൽ നിന്ന് 40 കിലോമീറ്ററും ദൂരെയായി പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

### 4.2. പദ്ധതി പ്രദേശത്തിൽ ഉ ായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

നിർദ്ദിഷ്ട പദ്ധതിയുടെ പൊതുവായ പ്രത്യാഘാതത്തെ ര ് രീതിയിൽ കാണാവുന്നതാണ്. ഒന്ന് പദ്ധതി മൂലം പദ്ധതി പ്രദേശത്ത് ഉ ാകുന്ന നേട്ടങ്ങൾ. ര ് പദ്ധതി രൂപപ്പെടുത്താൻ സാധ്യതയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ. പദ്ധതി, പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുകയും കോഴഞ്ചേരി പട്ടണത്തിന്റെയും മാരാമൺ പ്രദേശത്തിന്റെയും വ്യാപാര വാണിജ്യ പ്രാധാന്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പദ്ധതി പ്രദേശത്തിന് സമീപസ്ഥമായി നടത്തപ്പെടുന്ന സാംസ്കാരിക പരിപാടികൾക്ക് വലിയ രീതിയിൽ പ്രയോജനം ചെയ്യും. എന്നാൽ അതോടൊപ്പം പദ്ധതി കടന്ന് പോകുന്ന പ്രദേശത്ത് താമസിക്കുന്ന പലർക്കും സ്വന്തം ഭവനങ്ങളിലേക്കുള്ള ഗതാഗത തടസ്സം , സ്വകാര്യതയിലുള്ള ലംഘനം എന്നിവ ഉ ാവാൻ സാധ്യതയു ്.

**4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.**

പദ്ധതിക്കുവേണ്ടി 0.0437 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുവല്ല, കോഴഞ്ചേരി താലൂക്ക് പരിധിയിൽ വരുന്ന പമ്പാ നദിയോട് ചേർന്ന് സ്ഥിതിചെയ്യുന്നതും, പഴയ കോഴഞ്ചേരി കടവ് നിലനിന്നിരുന്നതുമായ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. താമസസ്ഥലം, കൈവശസ്ഥലം, സർക്കാർ ഭൂമി, പഞ്ചായത്ത് സ്ഥലം, സ്വകാര്യ, വ്യാപാര സ്ഥലം, സമുദായ സംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലങ്ങൾ, പള്ളിയോട സമിതിയുടെ കൈവശത്തിലുമുള്ള സ്ഥലം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി ഏറ്റെടുക്കുന്ന ഭൂമി സ്ഥിതി ചെയ്യുന്നു. വയൽ, കൃഷി ഭൂമി വിഭാഗങ്ങളിൽപ്പെട്ട വസ്തുക്കൾ പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. കൂടാതെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം, മാരാമൺ കൺവൻഷൻ നടക്കുന്ന മണൽ തിട്ടയിലേക്കുള്ള പ്രവേശന മാർഗ്ഗം എന്ന നിലയിൽ വലിയ വാണിജ്യ പ്രാധാന്യം ഉള്ള സ്ഥലമാണ്.

**4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.**

മാരാമൺ പോസ്റ്റോഫീസിന്റെ ഭൂമി, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യാപാര സമുച്ചയം, ര ് വില്ലേജുകളിലും പൊതുജനങ്ങൾ ഉപയോഗിക്കുന്ന ഇടറോഡുകൾ എന്നിവയാണ് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പദ്ധതിബാധിത വസ്തുക്കൾ.

കോഴഞ്ചേരി പള്ളിയോട സമിതി കൈവശം വച്ച് പള്ളിയോട സംരക്ഷണത്തിനായി നിലനിർത്തിയിരിക്കുന്ന ഷെഡ്,സ്ഥലം എന്നിവയെ പൊതുജനോപകാര പ്രദമായ സാംസ്കാരിക വസ്തുവിന്റെ ഗണത്തിൽ പെടുത്താവുന്നതാണ്.

ഒരു പ്രത്യേക മത വിഭാഗത്തിന്റെ ഉടമസ്ഥതയിൽ ആണെങ്കിലും നെടുപ്രയാർ എം.റ്റി.എൽ.പി സ്കൂളിന് പൊതു ഉപയോഗ മത ഉടമസ്ഥതയിലുള്ള വസ്തുവായി കണക്കാക്കാവുന്നതാണ്.

**4.5. പദ്ധതിക്കുവേ ി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടു ങ്കിൽ ആയതിന്റെ വിവരണം.**

ബാധകമല്ല

**4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ**

പദ്ധതിക്കുവേണ്ടി 0.0437 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുവല്ല, കോഴഞ്ചേരി താലൂക്ക് പരിധിയിൽ വരുന്ന പമ്പാ നദിയോട് ചേർന്ന് സ്ഥിതിചെയ്യുന്നതും, പഴയ കോഴഞ്ചേരി കടവ് നിലനിന്നിരുന്നതുമായ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. താമസസ്ഥലം, കൈവശസ്ഥലം, സർക്കാർ ഭൂമി, പഞ്ചായത്ത് സ്ഥലം, സ്വകാര്യ, വ്യാപാര സ്ഥലം, സമുദായ സംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലങ്ങൾ, പള്ളിയോട സമിതിയുടെ കൈവശത്തിലുമുള്ള സ്ഥലം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി ഏറ്റെടുക്കുന്ന ഭൂമി സ്ഥിതി ചെയ്യുന്നു. വയൽ, കൃഷി ഭൂമി വിഭാഗങ്ങളിൽപ്പെട്ട വസ്തുക്കൾ

പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. കൂടാതെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം, മാരാമൺ കൺവൻഷൻ നടക്കുന്ന മണൽ തിട്ടയിലേക്കുള്ള പ്രവേശന മാർഗ്ഗം എന്ന നിലയിൽ വലിയ വാണിജ്യ പ്രാധാന്യം ഉള്ള സ്ഥലമാണ്.

**4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത**

| ക്രമ നം. | ഭൂമിയുടെ ഘടന | നിലവിലെ ഉപ യോഗം | ജല ലഭ്യത | കൃഷി രീതി | എണ്ണം |
|---|---|---|---|---|---|
| 1. | കരഭൂമി | താമസ സ്ഥലം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 12 |
| 2. | കരഭൂമി | വാണിജ്യ സ്ഥലം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 1 |
| 3. | കരഭൂമി | പൊതു സ്ഥലം | ജലസേചന സൗകര്യം ഉള്ളത് | ബാധകമല്ല | 3 |

**4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.**

പദ്ധതിബാധിത പ്രദേശത്തെ പുരയിടത്തിന്റെ ശരാശരി വിസ്തീർണ്ണം സംസ്ഥാന ശരാശരിക്ക് തുല്യമായി നിൽക്കുന്നു. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി പ്രദേശത്തെ പുരയിടങ്ങളിൽ ഉടമസ്ഥാവകാശം.

| പുരയിടത്തിന്റെ വിസ്തീർണ്ണം | എണ്ണം |
|---|---|
| 10 സെന്റ് ≤ | 0 |
| 10-20 | 1 |
| 20-30 | 5 |
| 30-40 | 4 |
| 40-50 | 3 |
| 50-1 ഏക്കർ | 3 |
| 1 ഏക്കറിനു മുകളിൽ | 0 |
| **ആകെ** | **16** |

**4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ**

ബാധകമല്ല.

## അദ്ധ്യായം 5
## ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും
## നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

ഭൂമി, കച്ചവട സ്ഥാപനം, വീട് എന്നിവ നഷ്ടപ്പെടുന്ന 12-ഓളം ഭൂഉടമസ്ഥരും, ഭൂഉടമസ്ഥരല്ലാത്തവരും ചേരുന്നതാണ് പദ്ധതിയുടെ നേരിട്ടുള്ള പദ്ധതിബാധിതർ. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് കഴിയുന്ന ഒരു കുടുംബത്തിന്റെ വീട് നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. പുറമ്പോക്ക് ഭൂമിയിൽ അച്ഛൻ നിർമ്മിച്ച വീട്ടിൽ കഴിഞ്ഞു വരുന്ന സഹോദരി-സഹോദര കുടുംബങ്ങളെയാണ് വീട് നഷ്ടത്തിലൂടെ പദ്ധതി ബാധിക്കുന്നത്. കൂടാതെ തിരുവല്ല താലൂക്ക് പരിധിയിൽ ഉള്ള ആറ് ഭവനങ്ങളുടെയും, ഒരു മതസ്ഥാപന കെട്ടിടത്തിന്റെയും പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടാൻ സാധ്യത ഉണ്ട്. കൂടാതെ കോഴഞ്ചേരി പഞ്ചായത്ത് വക കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്ത് വരുന്ന 20 ഓളം വ്യാപാരികളെയും, പോസ്റ്റോഫീസിന്റെ പ്രവേശന മാർഗ്ഗത്തെയും പദ്ധതി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കോഴഞ്ചേരി പള്ളിയോട സേവാ സമിതിയുടെ പള്ളിയോടം സൂക്ഷിക്കുന്ന പള്ളിയോടം വക സ്ഥലവും ഷെഡും പദ്ധതി ബാധിതമാണ്. കൂടാതെ പമ്പാനദിയിലൂടെ യാത്ര ചെയ്യുന്ന, കൊണ്ടു വരപ്പെടുന്ന പള്ളിയോടങ്ങൾ, കടത്തു വള്ളങ്ങൾ എന്നിവയുടെ സുഗമ യാത്രയ്ക്ക് സൗകര്യപ്രദമായി പാലം നിർമ്മാണം നടത്തേണ്ടതുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പള്ളിയോടങ്ങളുടെ ഉടമസ്ഥതയുള്ള പള്ളിയോട സമിതികളേയും, പമ്പാനദിയിൽ വള്ളം ഉപയോഗിച്ച് മീൻപിടുത്തം മറ്റ് ജീവനോപാധികൾ എന്നിവ നടത്തുന്നവരേയും, പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്നവരായി കണക്കാക്കാവുന്നതാണ്.

### 5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്തിന്റെ ര ് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭ്യമാകുന്നതാണ്. ഗതാഗത സൗകര്യങ്ങളിൽ ഉ ാകുന്ന കുതിച്ചുകയറ്റം വ്യാപാര മേഖലയിൽ ഉണർവും കാർഷിക വിപണന മേഖലകളിൽ പുരോഗതിയും സൃഷ്ടിക്കാൻ പര്യാപ്തമാണ്. വസ്തുവിന്റെ വിപണന മൂല്യം, പട്ടണ പ്രവേശനത്തിന്റെ വ്യാപനം പദ്ധതി മൂലം ഉ ാകാവുന്ന പൊതുവായ നേട്ടങ്ങളാണ്. എന്നാൽ പദ്ധതി മൂലം വീടുകളിലേക്കുള്ള സുഗമമായ പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടുക, ജീവിത്തിന്റെ സ്വകാര്യത ഹനിക്കപ്പെടുക തുടങ്ങിയുള്ള പ്രത്യാഘാതങ്ങളും നേരിട്ടല്ലാതെ ബാധിക്കപ്പെടാൻ സാധ്യതയു ്.

### 5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

പദ്ധതിപ്രദേശത്തെ ഭൂമി എല്ലാ മാനദണ്ഡങ്ങൾ പ്രകാരവും ഉപയോഗപ്രദമാണ്.

## അദ്ധ്യായം 6

## പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

### 6.1. ജനസംഖ്യാ വിവരങ്ങൾ

സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാം സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരല്ലാ എന്നും, വിദ്യാഭ്യാസ നിലവാരത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസമോ അതിന് മുകളിലോ ലഭ്യമായിട്ടുള്ളവരും ആണ് എന്നാണ് പദ്ധതി ബാധിതരിൽ 90% ക്രിസ്ത്യാനികളും ശേഷിക്കുന്നവർ ഹിന്ദുക്കളുമാണ്. സാമ്പത്തിക വിവരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാവരും തന്നെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരാണ് എന്നാണ്. പദ്ധതി ബാധിതരായ ഭൂഉടമസ്ഥരുടെ തൊഴിൽ വിതരണം വ്യക്തമാക്കുന്നത് രണ്ട് പേർ സർക്കാർ ജോലിക്കാരും 2 പേർ ഇന്ത്യൻ പ്രതിരോധ മേഖലയിൽ നിന്നും വിരമിച്ചവർ ആണ് എന്നുമാണ്. 2 പേർ ഗവൺമെന്റ് സർവ്വീസിൽ നിന്നും വിരമിച്ചവരും 6 പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും, ശേഷിക്കുന്നവർ സ്വന്തം വ്യാപാര-വ്യവസായങ്ങളോ തൊഴിലുകളോ ചെയ്യുന്നവരുമാണ്. കുടുംബാംഗങ്ങളുടെ വിതരണം സൂചിപ്പിക്കുന്നത് 80% കുടുംബങ്ങളും അഞ്ചോ അതിൽ താഴെയോ അംഗങ്ങൾ ഉള്ളവയാണ് എന്നാണ്. വീടുകളുടെ അവസ്ഥ വ്യക്തമാക്കുന്നത് എല്ലാ പദ്ധതി ബാധിതരും ഓടോ, വാർക്കയോ മേർക്കൂരകളുള്ള വീടുകളുടെ ഉടമസ്ഥരാണ് എന്നാണ്. പദ്ധതി ബാധിത ഭൂഉടമസ്ഥരിൽ ആരും തന്നെ പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെടുന്നതായി കാണുന്നില്ല.

### 6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

| വയസ്സ് | എണ്ണം |
|---|---|
| 20-30 | 0 |
| 31-40 | 0 |
| 41 – 50 | 1 |
| 51 – 60 | 3 |
| 61 – 70 | 5 |
| 70 ന് മുകളിൽ | 3 |
| ബാധകമല്ല | 4 |
| ആകെ | 16 |

### 6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

| കുടുംബാംഗങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 1-2 | 6 |
| 3-4 | 4 |
| 5-7 | 2 |
| 7 മുകളിൽ | 0 |
| ബാധകമല്ല | 4 |
| ആകെ | 16 |

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10ൽ താഴെ | 2 |
| എസ്.എസ്.എൽ.സി | 4 |
| പ്രി ഡിഗ്രി | 3 |
| ബിരുദം | 3 |
| ബിരുദാനന്തര ബിരുദം | 0 |
| സാങ്കേതിക വിദ്യാഭ്യാസം | 0 |
| ബാധകമല്ല | 4 |
| **ആകെ** | 16 |

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

| മതം | എണ്ണം |
|---|---|
| ഹിന്ദു | 4 |
| മുസ്ലീം | 0 |
| ക്രിസ്ത്യൻ | 8 |
| ബാധകമല്ല | 4 |
| **ആകെ** | 16 |

6.6. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

| സാമ്പത്തിക സ്ഥിതി | എണ്ണം |
|---|---|
| ദാരിദ്ര രേഖയ്ക്ക് മുകളിൽ | 12 |
| ദാരിദ്ര രേഖയ്ക്ക് താഴെ | 0 |
| ബാധകമല്ല | 4 |
| **ആകെ** | 16 |

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

| ഭൂവുടമകളുടെ പ്രധാന തൊഴിൽ | എണ്ണം |
|---|---|
| കൃഷി | 0 |
| കൂലി | 0 |
| ബിസിനസ്സ് | 3 |
| ഗവൺമെന്റ് ജോലി | 0 |
| പ്രൈവറ്റ്ജോലി | 0 |
| മറ്റുള്ളവ | 4 |
| തൊഴിൽ രഹിതർ | 5 |
| ബാധകമല്ല | 4 |
| **ആകെ** | 16 |

**6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ**

| മാസ വരുമാനം | എണ്ണം |
|---|---|
| 5,000 ന് താഴെ | 0 |
| 5,000-10,000 | 0 |
| 10,000 –15,000 | 3 |
| 15,000 –20,000 | 4 |
| 20,000 – 25,000 | 2 |
| 25,000 ന് മുകളിൽ | 3 |
| ബാധകമല്ല | 4 |
| **ആകെ** | 16 |

**6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ**

**6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ**

| കുടുംബാംഗങ്ങളുടെ പ്രായം | എണ്ണം |
|---|---|
| ≤10 | 2 |
| 11-20 | 3 |
| 21-30 | 7 |
| 31-40 | 3 |
| 41 – 50 | 2 |
| 51 – 60 | 2 |
| 61 – 70 | 1 |
| 70 ന് മുകളിൽ | 0 |
| **ആകെ** | 20 |

**6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ**

| വിദ്യാഭ്യാസ നിലവാരം | എണ്ണം |
|---|---|
| 10 ൽ താഴെ | 1 |
| എസ്.എസ്.എൽ.സി | 2 |
| പ്രി ഡിഗ്രി | 6 |
| ബിരുദം | 5 |
| ബിരുദാനന്തര ബിരുദം | 4 |
| സാങ്കേതികം | 2 |
| മറ്റുള്ളവ | 0 |
| **ആകെ** | 20 |

6.10. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

| ക്രമ നം. | ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതർ | വിശദീകരണം | | |
|---|---|---|---|---|
| | | വാണിജ്യം | താമസം | മറ്റുള്ളവ |
| 1 | പുറംപോക്ക് | | 1 വീട്<br>ര ് കുടംബം<br>താമസിക്കുന്നു | |
| 2. | വാടകക്കാരൻ | 27 | | |
| | ആകെ | 29 | | |

## അദ്ധ്യായം 7
## സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

ദശകങ്ങളായി സർക്കാർ ഭൂമി കൈവശം വച്ച് അതിൽ ഭവന നിർമ്മാണം നടത്തി താമസിച്ചുവരുന്ന ഒരു കുടുംബത്തിന്റെ ഭവന നഷ്ടം, പന്ത്രണ്ടോളം വരുന്ന ഭൂ ഉടമസ്ഥരുടെ ഭൂമി നഷ്ടവും വീടുകളിലേക്ക് ഉള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടവും പൊതു സ്ഥാപനമായ മാരാമൺ എൽ.പി. സ്കൂളിന്റെ അങ്കണ നഷ്ടം, കോഴഞ്ചേരി പോസ്റ്റോഫീസിന്റെ ഭൂമി നഷ്ടം, പഞ്ചായത്ത് കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്യുന്ന കച്ചവടക്കാരുടെ കച്ചവടത്തിന്റെ ഒഴിപ്പിക്കലും തുടർന്നുള്ള വ്യാപാര നഷ്ടവും, കോഴഞ്ചേരി പള്ളിയോടം സംരക്ഷിക്കുന്ന ഷെഡിന്റെ നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതയായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ സമീപസ്ഥമായി നാല് കടവുകളും, കടത്തുകളും പ്രവർത്തിക്കുന്ന കോഴഞ്ചേരി ആറാട്ടുകടവ് പമ്പാ നദി ഭാഗത്ത് നിർമ്മിക്കപ്പെടുന്ന പാലം, ഈ പ്രദേശത്ത് ഗതാഗത സൗകര്യം ഗണ്യമായി വർദ്ധിപ്പിക്കാൻ പര്യാപ്തമാണ്. എന്നാൽ ഇപ്പോഴത്തെ കോഴഞ്ചേരി പാലത്തിന്റെയും പുതുതായി പണിയുന്ന പാലത്തിന്റെയും പില്ലറുകൾ (തൂണുകൾ) വലിയ ചുണ്ടൻ വള്ളങ്ങൾക്ക് പമ്പയാറ്റിലൂടെ സുഗമമായി കടന്നുപോകത്തക്കവിധം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നാൽപ്പത് പള്ളിയോട സമിതികളും 14 പള്ളിയോടങ്ങളും ഉള്ള പമ്പാ നദിയുടെ പ്രദേശത്ത് പാലം നിർമ്മാണം നടത്തുമ്പോൾ, പള്ളി ഓടങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പ് വരുത്തിക്കൊണ്ട് വേണം നടപ്പാക്കേണ്ടത്. പദ്ധതി ബാധിക്കപ്പെടുന്ന പഞ്ചായത്ത് കെട്ടിടത്തിലും പഞ്ചായത്ത് സ്ഥലത്തും സ്വയമായും മറ്റുള്ളവരുടെ വ്യാപാരത്തിൽ പങ്കാളിയായും ജോലിക്കാരനായും ഉപജീവനം കഴിക്കുന്ന ആളുകളുടെ പുനരധിവാസം ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. പദ്ധതി നടപ്പാക്കുന്നത് മാരാമൺ കൺവൻഷൻ മണപ്പുറത്തേക്ക് ഉള്ള പ്രവേശന വഴി ഉൾപ്പെടുന്ന പ്രദേശത്താണ്. ഈ പ്രവേശന വഴികൾക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിലുള്ള നിർമ്മാണങ്ങൾ പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്. കേരളത്തിന്റെ പ്രത്യേകിച്ച് മധ്യ തിരുവിതാംകൂർ പ്രദേശത്തിന്റെ ജീവനാഡിയായ പമ്പാ നദിയുടെ ഒഴുക്കിനേയും, തീര പ്രദേശത്തെ ജൈവ പ്രകൃതിയെയും ബാധിക്കാതെ പദ്ധതി നിർവ്വഹണം സാധ്യമാവേണ്ടതാണ്.

എല്ലാ വർഷവും നടക്കുന്ന പള്ളിയോട മത്സരങ്ങൾ, ആറമുള്ള വള്ള സദ്യ, ചെറുകോൽപുഴ ഹിന്ദുമത കൺവൻഷൻ, മാരമൺ കൺവൻഷൻ എന്നീ സാംസ്കാരിക പരിപാടികൾക്ക് പമ്പാനദിയും പമ്പയുടെ മണൽതിട്ടകളും, പമ്പയിലൂടെ യാത്രയാകുന്ന പള്ളിയോടങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സാംസ്കാരിക പരിപാടികൾക്ക് യാതൊരുവിധ പ്രതിബന്ധങ്ങളും സൃഷ്ടിക്കപ്പെടാൻ പദ്ധതി കാരണമാകുവാൻ പാടില്ല.

### 7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |

| | | | |
|---|---|---|---|
| 2. | ഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 5. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 6. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 7. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 8 | പള്ളിയോടങ്ങളുടെ യാത്രയിൽ ഉണ്ടാകാവുന്ന തടസ്സം | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 9 | സാംസ്കാരിക ആഘോഷങ്ങൾക്കുവേണ്ടി പള്ളിയോടങ്ങൾ ഉപയോഗപ്പെടുത്തുന്നതിലുണ്ടാകുന്ന തടസ്സങ്ങൾ | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 10 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 11 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 12 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 13 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |

| | | | |
|---|---|---|---|
| 14 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേ നിബന്ധനകൾ**

ദശകങ്ങളോളം പദ്ധതി പ്രദേശത്ത് സ്ഥിരതാമസമാക്കിയ ഒരു പുറംപോക്ക് താമസ ഭവനത്തിന്റെ നഷ്ടം പദ്ധതി മൂലം സംഭവിക്കുന്നു. പ്രസ്തുത കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെ അല്ല എങ്കിലും സ്ത്രീ കുടുംബനാഥയായിട്ടുള്ള കുടുംബം ആയതിനാലും പ്രായമായ ഒരു കുടുംബാംഗം (അമ്മ) കിടപ്പ് രോഗിയായി ഉള്ളതിനാലും ര ് കുടുംബങ്ങൾ ഒരു ഭവനത്തിൽ താമസിക്കുന്നു എന്നതിനാലും വീട്ടുടമസ്ഥയ്ക്ക് താമസ സ്ഥലം ഒഴിച്ച് മറ്റൊരു സ്ഥലം വീട് വയ്ക്കാൻ ഇല്ല എന്ന് അവകാശപ്പെടുന്നതിനാലും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബമായി കണക്കാക്കി പ്രത്യേക പുനരധിവാസ ധനസഹായം നൽകി മാറ്റി പാർപ്പിക്കാവുന്നതാണ്. ആയത് പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

**7.3. പദ്ധതിക്ക് വേ ി ഭൂമി ആവശ്യപ്പെടുന്ന മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ**

ബാധകമല്ല

**7.4.സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേ മാറ്റങ്ങളും കൂട്ടിച്ചേർക്കേ കാര്യങ്ങളും**

ബാധകമല്ല

**7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ**

| ക്രമ നം. | ഉ ാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നില വാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. |
| 2 | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | കെട്ടിടങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | വളരെ ഉയർന്ന | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 5. | കെട്ടിടങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | വളരെ ഉയർന്ന | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക. ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 6 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 7 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞ | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 8 | പള്ളിയോടങ്ങളുടെ യാത്രയിൽ ഉണ്ടാകാവുന്ന തടസ്സം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | മധ്യമം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 9 | സാംസ്കാരിക ആഘോഷങ്ങൾക്കുവേ ി പള്ളിയോടങ്ങൾ ഉപയോഗപ്പെടുത്തുന്നതിലു ാകുന്ന തടസ്സങ്ങൾ | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | മധ്യമം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 10 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 11 | ഇടറോഡിലേ ക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | കുറ ഞ്ഞ | ഓരോ പ്രവേശ നമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 12 | മരങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | കുറ ഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്ന തിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നട പടി സ്വീകരിക്കു ക. |
| 13 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെ ടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസി റ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | മധ്യമം | നടപടി ക്രമങ്ങ ളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തു ക. |
| 14 | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിര തമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചാ യത്ത് തല ത്തിലും പ്രവർത്തിക്കുക. |

**<u>അദ്ധ്യായം 8</u>**

**<u>സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ</u>**

**<u>നടപ്പാക്കൽ സംവിധാന ഘടന</u>**

**8.1. സ്ഥാപന ഘടനാ സംവിധാനം**

| **സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം** | **നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ** |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

# അദ്ധ്യായം 9

## സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേ  ിയുള്ള സാമ്പത്തികവും

**9.1. - പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്**

ബാധകമല്ല

**9.2.- വാർഷിക ബജറ്റും പദ്ധതി രൂപരേഖയും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും**

ബാധകമല്ല

## അദ്ധ്യായം 10
## സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി
## - മേൽനോട്ടവും വിലയിരുത്തലും

**10.1.- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- ഭൂവുടമകളുടെ ജില്ലാ തല പർച്ചേസിംഗ് കമ്മറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു.
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേ ി വരുന്ന സമയം.
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**10.2. മേൽനോട്ടവും റിപ്പോർട്ടിംഗും**

ബാധകമല്ല

**10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേ ിയുള്ള പദ്ധതി**

ബാധകമല്ല

## അദ്ധ്യായം 11
## സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

തിരുവല്ല - കോഴഞ്ചേരി താലൂക്കുകളെ ബന്ധിപ്പിച്ച് ഇപ്പോഴുള്ള കോഴഞ്ചേരി പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പദ്ധതി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുള്ള നിയമം 2013 ഉം 2015 ൽ കേരള സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും പ്രകാരം പൊതുതാല്പര്യ പദ്ധതിയിൽ പെടുത്തി സാമൂഹ്യപ്രത്യാഘാത പഠനത്തിന് സമർപ്പിച്ചിരിക്കുന്നു.

പദ്ധതി സംബന്ധമായി പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അറിവുള്ളതും പദ്ധതിയുടെ ആവശ്യകതയെക്കുറിച്ച് ബോധ്യമുള്ളതുമാണ് എന്ന് വിലയിരുത്താവുന്നതാണ്. കോഴഞ്ചേരി പട്ടണത്തിന്റെ പ്രാധാന്യം, പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ധാരാളിത്തം, പദ്ധതി റോഡ് ഗാതാഗത രംഗത്ത് ഉണ്ടാക്കാവുന്ന നേട്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോഴും ബദൽ നിർദ്ദേശങ്ങളുടെ സാധ്യതകുറവും, പദ്ധതിയുടെ പൊതു സ്വീകാര്യകതയും സൂചിപ്പിക്കുന്നത് പദ്ധതിയുടെ ഉയർന്ന തലത്തിലുള്ള പൊതുതാല്പര്യ പ്രസക്തിയെയാണ് എന്ന് കണക്കാക്കാവുന്നതാണ്.

പദ്ധതിയുടെ ബദൽ നിർദ്ദേശങ്ങൾ വളരെ ഒറ്റപ്പെട്ട നിലയിൽ സമർപ്പിക്കപ്പെട്ടു എങ്കിലും, അവയുടെ പ്രാഥമിക വിലയിരുത്തലിൽ തന്നെ പദ്ധതിയേക്കാൾ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കപ്പെടുന്നതും, പൊതു ജനോപകാര സൂചികയിൽ പദ്ധതിക്ക് താഴെ മാത്രം വില രേഖപ്പെടുത്തുന്നതുമാണ് എന്ന് കണ്ടെത്തുകയുണ്ടായി.

മേൽപറഞ്ഞ വിശകലനങ്ങളും പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതവും അതിന്റെ ലഘുകരണ സാധ്യതകളും വിലയിരുത്തുമ്പോൾ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതത്തെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്.

ദശകങ്ങളായി പദ്ധതി പ്രദേശത്ത് താമസിച്ചുവരുന്ന ഒരു കുടുംബത്തിന്റെ പുനരധിവാസമാണ് പദ്ധതിയുടെ പ്രത്യാഘാത ലഘുകരണ നടപടികളിൽ പ്രഥമസ്ഥാനത്ത് കണക്കാക്കേണ്ടത്, പ്രസ്തുത കുടുംബം ദാരിദ്ര്യ രേഖയ്ക്ക് താഴെ അല്ല എങ്കിലും സ്ത്രീ കുടുംബനാഥയായിട്ടുള്ള കുടുംബം ആയതിനാലും പ്രായമായ ഒരു കുടുംബാംഗം (അമ്മ) കിടപ്പ് രോഗിയായി ഉള്ളതിനാലും ര ് കുടുംബങ്ങൾ ഒരു ഭവനത്തിൽ താമസിക്കുന്നു എന്നതിനാലും വീട്ടുടമസ്ഥയ്ക്ക് താമസ സ്ഥലം ഒഴിച്ച് മറ്റൊരു സ്ഥലം വീട് വയ്ക്കാൻ ഇല്ല എന്ന് അവകാശപ്പെടുന്നതിനാലും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബമായി കണക്കാക്കി പ്രത്യേക പുനരധിവാസ ധനസഹായം നൽകി മാറ്റി പാർപ്പിക്കാവുന്നതാണ്. ആയത് പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

വർഷങ്ങളായി പദ്ധതി പ്രദേശത്ത് താമസിക്കുന്നു എന്നുള്ളതും, പ്രദേശത്തെ താമസത്തിലൂടെ വർഷാ വർഷം നടക്കുന്ന സാംസ്കാരിക പരിപാടികളുടെ സമയത്ത് ലഭ്യമാകുന്ന വലിയ തോതിലുള്ള വരുമാനം, പദ്ധതി ബാധിതാ കുടുംബത്തിന് മറ്റ് ഭൂ ഉടമസ്ഥതയില്ല എന്നവാദം രണ്ട് കുടുംബ യൂണിറ്റുകൾ ഒന്നിച്ചുകഴിയുന്നു എന്ന വെളിപ്പെടുത്തൽ എന്നിവ

നഷ്ടപരിഹാര നിർണ്ണയത്തിലും പുനരധിവാസ പദ്ധതി രൂപപ്പെടുത്തുന്നതിലും കണക്കിലെ ടുക്കുന്നത് പ്രത്യാഘാത ലഘുകരണത്തിന് സഹായകരമാണ്.

പദ്ധതി ബാധിതരായ പല ഭൂഉടമസ്ഥരുടെയും താമസ ഭവനങ്ങളിലേക്കുള്ള പ്രവേശ മാർഗ്ഗ ങ്ങളെ പദ്ധതി ബാധിക്കാൻ സാധ്യത ഉണ്ട്. പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം പദ്ധതി നടപ്പാക്കാൽ രൂപ രേഖയിൽ ഉൾപ്പെടുത്തുന്നത് പദ്ധതി ബാധിതരുടെ ആശങ്ക അകറ്റാൻ സഹായകരമാണ്.

പദ്ധതി സംബന്ധമായി പൊതുജനങ്ങൾക്ക് ഉള്ള സംശയങ്ങൾ, ആശങ്കകൾ എന്നിവ അകറ്റു ന്നതിന് പദ്ധതി ബാധിതർക്കു വേണ്ടി പദ്ധതി വിശദീകരണ സൗകര്യങ്ങൾ നടപ്പാക്കൽ ഏജൻസി സംഘടിപ്പിക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് അനാവശ്യ പ്രചാരണങ്ങൾ ഇല്ലാതാകുന്നതിനും സഹായകരമാണ്.

പദ്ധതി ബാധിക്കുന്ന പൊതു സ്ഥാപനങ്ങളായ ലോവർ പ്രൈമറി സ്കൂൾ, പോസ്റ്റാഫീസ് എന്നിവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി സാധ്യമെങ്കിൽ തൽസ്ഥാനത്ത് തുടരാൻ അനു വദിക്കുന്നത് പൊതുജനോപകാര പ്രദമായിരിക്കും എന്ന് കണക്കാക്കാവുന്നതാണ്.

കോഴഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളിലും സ്ഥലത്തും പ്രവർത്തി ക്കുന്ന പല വ്യാപാര സ്ഥാപനങ്ങളെയും പദ്ധതി ബാധിക്കുന്നുണ്ട്. ഇപ്രകാരം ജീവിതോപാധി നഷ്ടപ്പെടുന്ന വ്യാപാരികളുടെ പുനരധിവാസം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉറപ്പ് വരു ത്തുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കുന്നു.

കോഴഞ്ചേരി പള്ളിയോടം സംരക്ഷിക്കുന്നതിനുവേണ്ടി പള്ളിയോട സമിതി നിർമ്മിച്ചിരിക്കുന്ന ഷെഡ് പദ്ധതി ബാധിതമാണ്. പള്ളിയോടങ്ങളുടെ സാംസ്കാരിക പ്രാധാന്യവും പൊതുതാ ല്പര്യവും കണക്കിലെടുത്ത് ജനകീയ അഭിപ്രായ അടിസ്ഥാനത്തിൽ പുനസ്ഥാപന രൂപരേഖ തയ്യാറാക്കുന്നത് പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സഹായകരമാ ണ്.

പമ്പാ നദിയുടെ സാംസ്കാരിക പ്രാധാന്യം, നദീതീരത്ത് പ്രവർത്തിക്കുന്ന നാല്പതോളം പള്ളിയോട സമിതികളുടെ പ്രവർത്തനങ്ങൾ, സാംസ്കാരികവും, സാമുദായികവും, മതപ രവും ആയ പരിപാടികൾക്ക് വേണ്ടി പമ്പാനദിയിലൂടെ സുഗമമായി യാത്ര ചെയ്യേണ്ട പള്ളി യോടങ്ങൾ, വിവിധ പള്ളിയോട സമിതികളുടെ ഉടമസ്ഥാതയിലുള്ള പതിനാലോളം ചുണ്ടൻ വള്ളങ്ങൾ അവയുടെ സുഗമമായ യാത്ര, പമ്പാ നദിയിൽ എല്ലാ വർഷവും നടക്കുന്ന വള്ളം കളി മത്സരം നദീ തീരത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം ഇവ എല്ലാം കണക്കാക്കിയുള്ള പദ്ധതി രൂപീകരണം പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതിമൂലം പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രാധാന്യം ബാധിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്ന തിനും സഹായകരമാണ്.

എല്ലാ വർഷവും നടന്നു വരുന്നതും ഏഷ്യയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ടതുമായ ഒരു സാംസ്കാരിക സംഗമമായ മാരാമൺ കൺവൻഷന്റെ പ്രധാനപ്പെട്ട പ്രവേശന റോഡുകൾ എല്ലാം പദ്ധതി ബാധിതമായി കണക്കാക്കപ്പെടുന്നു. അതുകൊ ് തന്നെ പ്രസ്തുത

പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം സാംസ്കാരിക പരിപാടിയുടെ സുഗമമായ നടത്തിപ്പിനും അത്യാവശ്യമാണ്.

പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം എല്ലാ തരത്തിലുമുള്ള സാമൂഹിക പ്രത്യാഘാതത്തെയും കുറയ്ക്കാൻ പര്യാപ്തമാണ്. പദ്ധതി ബാധിതരുടെയും ജന പ്രതിനിധികളുടെയും, പൊതുജനങ്ങളുടെയും ഇടയിൽ പദ്ധതി സംബന്ധമായ ഇപ്പോഴുള്ള പൊതു താൽപ്പര്യം നിലനിർത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഇല്ലായ്മ ചെയ്യുന്നതിന് സഹായകരമാണ്.

പദ്ധതിയുടെ പൊതുതാൽപ്പര്യം പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

**സാജു. വി.ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്**

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ